# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.6875 13.07.2012 ൽ മറുപടിക്ക്

### പാരമ്പര്യവൈദ്യൻമാർക്ക് ഗ്രാന്റ്

| ചോദ്യം<br><br>ശ്രീ. എ. റ്റി. ജോർജ്. | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിൽ ഗുരുകുല പാണ്ഡിത്യത്താൽ വൈദ്യം അഭ്യസിച്ച് ചികിത്സ നടത്തിവരുന്ന പാരമ്പര്യ വൈദ്യൻമാർക്ക് ഗ്രാന്റ് നൽകിവരുന്നുണ്ടോ; | (എ) | ഗ്രാന്റ് നൽകി വരുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എത്ര വൈദ്യൻമാർക്കാണ് ഗ്രാന്റ് നൽകി വരുന്നത്; മാസം എത്ര തുകയാണ് ഗ്രാന്റായി നൽകുന്നത്; | (ബി) | 41 വൈദ്യന്മാർക്ക് സർക്കാർ ഗ്രാന്റ് നൽകി വരുന്നുണ്ട്. ഒന്നാം ഗ്രേഡ് ഗ്രാന്റ് വൈദ്യന്മാർക്ക് പ്രതിമാസം 1100/- രൂപയും രണ്ടാം ഗ്രേഡ് ഗ്രാന്റ് വൈദ്യന്മാർക്ക് പ്രതിമാസം 1000/- രൂപ ക്രമത്തിലും ഗ്രാന്റ് നൽകി വരുന്നുണ്ട്. |
| (സി) | നിലവിൽ ഗ്രാന്റ് നൽകിവരുന്ന വൈദ്യൻമാർക്ക് കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കുമോ; | (സി) | കുടിശ്ശിക നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | കേരളത്തിലെ പാരമ്പര്യ ഗുരുകുല വൈദ്യൻമാരിൽ എത്ര പേർ പുതുതായി ഗ്രാന്റിന് അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | ഒരാളുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (ഇ) | ഇപ്പോഴത്തെ അപേക്ഷകളിന്മേൽ ഗ്രാന്റ് അനുവദിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | അപേക്ഷ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ